ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. എ.മുരളീധരൻ)

തിരുവനന്തപുരം
നമ്പർ. 10936/2019/ഇ2/ഡിപി തീയതി: 24.06.2019

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ശ്രീ.രാജേഷ്.സി., ക്ലാർക്ക് - ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 27.06.2014-ലെ 15248/14/ഇ2 നമ്പർ ഉത്തരവ്.
2. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 09.05.2019-ലെ 3559/2014/ഇ1 നമ്പർ കത്ത്.
3. ശ്രീ.രാജേഷ്.സി. -യുടെ 03.05.2019-ലെ അവധി അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പിന്റെ കീഴിലുള്ള ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ക്ലാർക്കായ ശ്രീ.സി.രാജേഷ്-ന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഇന്ത്യയ്ക്കകത്ത് മെച്ചപ്പെട്ട തൊഴിൽ ചെയ്യുന്നതിനായി 11.07.2014 മുതൽ 10.07.2019 വരെ അഞ്ചു വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ ടിയാന്റെ അവധി 10.07.2019-ൽ അവസാനിക്കുന്നതിനാൽ 11.07.2019 മുതൽ 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.സി.രാജേഷ് നൽകിയ അപേക്ഷ പരാമർശം (2) പ്രകാരം ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ ശിപാർശയോട് കൂടി ലഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ക്ലാർക്കായ ശ്രീ.സി.രാജേഷ്-ന് കെ.എസ്.ആർ ഭാഗം I അനുബന്ധം XII എ പ്രകാരം 11.07.2019 മുതൽ 10.07.2024 വരെ 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി കൊണ്ട് ഉത്തരവാകുന്നു.

ഒപ്പ്,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തിക്ക്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./സൂപ്രണ്ടിന്റെ സി.എ.
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ സീനിയർ സൂപ്രണ്ട്./
ജൂനിയർ സൂപ്രണ്ട്.ഇ1./കണ്ടന്റ് മാനേജ്മെന്റ് സെൽ./ ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.